**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പെൻഷൻ - ഡോ.കെ.പത്മസംഭവന്റെ കുടുംബ പെൻഷൻ കുടിശ്ശിക കുമാരി.വി.പി.ഷിനി, ശ്രീമതി.എൻ.കോമളവല്ലി എന്നിവർക്ക് അനുവദിച്ച്കൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ധനകാര്യ(പെൻഷൻ-എ) വകുപ്പ്**

**സ.ഉ(സാധാ) നം.160/2018/ധന** **തിരുവനന്തപുരം, തീയതി 08.01.2018**

---

പരാമർശം : (1) അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർക്ക് നൽകിയ 08.06.2016-ലെ PR2/Pen.A/1303/M/99-00/76 നമ്പർ കത്ത്.

(2) കുമാരി.വി.പി.ഷിനിയുടെ 09.12.2015, 26.08.2017 എന്നീ തീയതികളിലെ അപേക്ഷ.

(3) ശ്രീമതി.എൻ.കോമളവല്ലിയുടെ 25.07.2017-ലെ അപേക്ഷ.

**<u>ഉത്തരവ്</u>**

ഭാരതീയ ചികിത്സാ വകുപ്പിൽ നിന്നും 31.12.1998-ൽ വിരമിച്ച് 26.08.2008-ൽ മരണപ്പെട്ട ഡോ.പത്മസംഭവന്റെ കുടുംബ പെൻഷൻ 12.03.2015 മുതൽ പരേതന്റെ ആദ്യ ഭാര്യയിലെ മകളായ കുമാരി.വി.പി.ഷിനിയ്ക്കും രണ്ടാമത്തെ ഭാര്യയായ എൻ.കോമളവല്ലി എന്നിവർക്കും തുല്യമായി 12.03.2015 മുതൽ അനുവദിച്ചിരുന്നു. 27.08.2008 മുതലുള്ള കുടുംബ പെൻഷൻ ഇരുവർക്കും അനുവദിക്കുന്നതിന് സർക്കാരിന്റെ അനുമതി ആവശ്യമാണെന്നും അക്കൗണ്ടന്റ് ജനറൽ പരാമർശം (1) പ്രകാരം അറിയിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 27.08.2008 മുതൽ 11.03.2015 വരെയുള്ള കുടുംബ പെൻഷൻ കുടിശ്ശിക അനുവദിയ്ക്കണമെന്ന് കുമാരി.വി.പി.ഷിനി പരാമർശം (2) പ്രകാരം ആവശ്യപ്പെട്ടിരുന്നു. രണ്ടാമത്തെ ഭാര്യ ശ്രീമതി. എൻ.കോമളവല്ലിയും ആദ്യ ഭാര്യയിലെ മകളായ വി.പി.ഷിനിയും തമ്മിലുള്ള അവകാശം സംബന്ധിച്ച് തർക്കം കോടതിയിൽ തീർപ്പാക്കാൻ കഴിയാത്തതിനാലാണ് യഥാസമയം കുടുംബ പെൻഷനുള്ള അപേക്ഷ നൽകുവാൻ വൈകിയതെന്ന് കുമാരി.വി.പി.ഷിനിയും ശ്രീമതി.എൻ.കോമളവല്ലിയും അറിയിച്ചിരുന്നു.

(.......................2)

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിൻപ്രകാരം കുമാരി.വി.പി.ഷിനി, ശ്രീമതി.എൻ.കോമളവല്ലി എന്നിവർക്ക് 27.08.2008 മുതൽ 11.03.2015 വരെയുള്ള കുടുംബ പെൻഷൻ കുടിശ്ശിക ഇരുവർക്കും തുല്യമായി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. പ്രസ്തുത പെൻഷൻ കുടിശ്ശിക നൽകുന്നതിന് ആവശ്യമായ അധികാരദാനം പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ)കേരള, തിരുവനന്തപുരം നൽകുന്നതായിരിക്കും. ഇതിനുള്ള ചെലവ് "2071-01-105-99" കുടുംബ പെൻഷൻ (വോട്ടു ചെയ്തത്) (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ നിന്നും വഹിക്കുന്നതായിരിക്കും.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**രാജശ്രീ.കെ**
**അഡീഷണൽ സെക്രട്ടറി (ധനകാര്യം)**

പകർപ്പ് :

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള,തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി. ആന്റ് എസ് .എസ് .എ) കേരള,തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ ( ഇ.ആന്റ് ആർ.എസ്.എ) കേരള, തിരുവനന്തപുരം.
4. ഡയറക്ടർ ഭാരതീയ ചികിത്സാ വകുപ്പ്, തിരുവനന്തപുരം.
5. ശ്രീമതി.എൻ.കോമളവല്ലി, തോപ്പിൽ വീട്, ആനത്തലവട്ടം.പി.ഒ, കടയ്ക്കാവൂർ, തിരുവനന്തപുരം-695306.
6. കുമാരി.ഷിനി.വി.പി., സ്റ്റിച്ചിംഗ് സെന്റർ, അക്ഷയ്ക്ക് സമീപം, നാലുമുക്ക്, ശാസ്തവട്ടം.പി.ഒ, തിരുവനന്തപുരം-695305
7. The Nodal Officer,www.finance.kerala.gov.in
8. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**സെക്ഷൻ ഓഫീസർ**